
കിളിപ്പാട്ട്
SCHOOL MAGAZINE 2018-19
SREEKRISHNAPURAM HIGHER SECONDARY SCHOOL

# ആമുഖം

**സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വിദ്യാലയമാണ് നമ്മുടേത്. നമ്മുടെ വിദ്യാലയത്തിലെ "LITTLE KITE" അംഗങ്ങളായ കുറച്ച് വിദ്യാർത്ഥികൾ കൂടിച്ചേർന്ന് രൂപപ്പെടുത്തിയ ഒരു പ്രോജക്ടാണ് ഈ ഡിജിറ്റൽ മാഗസിൻ.**

**ഈ മാഗസിനിൽ ഉള്ള മറ്റൊരു പ്രത്യേകത എന്തെന്നുവെച്ചാൽ ഇതിലെ കഥകളും കവിതകളും നമ്മളുടെ വിദ്യാലയത്തിലെ കുട്ടികൾ തന്നെ രൂപപ്പെടുത്തിയതാണ് അവയാണ് ഈ ഡിജിറ്റൽ മാഗസിനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.**

**എഴുത്തിൻറെ കുഞ്ഞുകൂട്ടുകാർക്ക് ആശംസകൾ.**

എന്ന്

**കെ.ആർ.ശശി**

[ഹെഡ് മാസ്റ്റർ:ശ്രീകൃഷ്ണപുരം ഹയർ സെക്കൻഡറി സ്കൂൾ.]

# EDITORIAL BOARD

AJITH N

ASHIK R

SANJITH C

VIGNESH KV

SUMISHA A

NEETHUDAS K

NIHITHA KS

SILPA C



# ആശംസകൾ

cv

***നമ്മുടെ വിദ്യാലയത്തിൽ നിന്നും ഈ അധ്യയന വർഷത്തിൽ പുറത്തിറങ്ങുന്ന ഡിജിറ്റൽ മാഗസിൻ പതിപ്പിന് എല്ലാവിധ ആശംസകളും നേരുന്നു.***

എന്ന്

**പി.എസ്.നമ്പൂതിരിപ്പാട്**

[മാനേജർ: ശ്രീകൃഷ്ണപുരം ഹയർ സെക്കൻഡറി സ്കൂൾ.]

# Best Wishes

It is a matter of pride to pen down the message for the digital school magazine of Hss Sreekrishnapuram. My heart fills with immense pleasure as I perceive the progress being made at Hss Sreekrishnapuram.I extend my warm wishes to the members of LITTLE KITEs of Hss Sreekrishnapuram to Continue this journey on the road of excellence.

**"May the sapling grow into a sturdy tree and spread its branches"**

PRASANTH A V

***KITE MASTER***

# ചരിത്രത്താളുകളിലൂടെ

മദ്രാസ് സംസ്ഥാനത്തിലെ ഭാഗമായിരുന്ന മലബാർ താലൂക്കിലെ വള്ളുവനാട് പ്രദേശം വിദ്യാഭ്യാസപരമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്നു.ആ കാലഘട്ടത്തിൽ ചെർപ്പുളശ്ശേരിയിലും പെരിന്തൽമണ്ണയിലും ഒറ്റപ്പാലത്തും മാത്രമാണ് ഹൈസ്കൂൾ ഉണ്ടായിരുന്നത്. ശ്രീകൃഷ്ണ പുരത്തുള്ള ചില സാമൂഹിക പ്രവർത്തകരുടെ കൂട്ടായ്മയിൽ നിന്നാണ് നമ്മുടെ വിദ്യാലയത്തിൻറെ തുടക്കം. മദ്രാസ് സംസ്ഥാനത്തിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന കോഴിപ്പുറത്ത് മാധവമേനോൻ ആണ്. ശ്രീകൃഷ്ണപുരം ഹൈസ്കൂൾ രൂപീകരിക്കുന്നതിന് പച്ച കൊടി കാണിച്ചത് 1951-ൽ ശ്രീകൃഷ്ണപുരം എജ്യുക്കേഷണൽ സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. സുവർണ്ണജൂബിലി സമ്മാനമായി 2002-ൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചു.

ശ്രീകൃഷ്ണപുരം എഡ്യൂക്കേഷണൽ സൊസൈറ്റിയാണ് ഈ സ്ഥാപനത്തിന് ഭരണം നിർവഹിക്കുന്നത്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സൊസൈറ്റിയുടെ പ്രസിഡൻറ്, ടീച്ചറുടെ മാനേജരുടെ ചുമതലകൾ നിർവഹിക്കുന്നു. ശ്രീ .എം. സി. നാരായണൻ നമ്പൂതിരി ,ശ്രീ .എം .കെ.എസ്. രാമൻ, ശ്രീ. എം. കൃഷ്ണൻ നായർ,. ശ്രീ. എൻ. സി. സുബ്രമണ്യൻ നമ്പൂതിരിപ്പാട്, ശ്രീ. പി .എം .ചിത്രഭാനു നമ്പൂതിരിപ്പാട്, ശ്രീ പി സി നാരായണൻ നമ്പൂതിരിപ്പാട്, ശ്രീ സി ടി. ചാക്കുണ്ണി തരകൻ, ശ്രീ അപ്പുകുട്ടൻ മന്നാടിയാർ, ശ്രീ കെ പി കുഞ്ഞിരാമൻ കുറിപ്പ് എന്നീ സ്ഥാപക നേതാക്കൾ ആദരപൂർവ്വം സ്മരിക്കുന്നു. ശ്രീ പി ശങ്കരൻ നമ്പൂതിരിപ്പാട് പ്രസിഡൻറും ശ്രീ പി എ കാളിദാസൻ സെക്രട്ടറിയുമായ കമ്മറ്റിയാണ് ഇപ്പോൾ ഭരണകാര്യങ്ങൾ നിർവഹിക്കുന്നത്.



# INDEX

*ആമുഖം*........2
EDITORIAL BOARD........3
Best Wishes........5
........5
ചരിത്രത്താളുകളിലൂടെ........6
പാവക്കുട്ടി........8
അതിജീവനം........9
ഓളപ്പരപ്പിലൂടെ ഒരു യാത്ര........13
*Yelp of heart*........16
ഏകാന്തത........17
മയിൽപീലിയുടെ മരണം........18
മയിൽപീലി കണ്ണുകളിലൂടെ........18
ജന്മം........19
നിഴൽ എന്ന സുഹൃത്ത്........20
പലതും തെളിയുന്നുണ്ട്........21
കാഴ്ചക്കപ്പുറം........22
വഴികൾ അവസാനിക്കുന്നിടം........23
Mother's Love........25
എൻറെ വിശ്വവിദ്യാലയം........25
*ചാത്തുൻറെ അഹങ്കാരം*........28
*ഇവാനും ദുർമന്ത്രവാദിയും*........29
ആട്ടിൻകുട്ടിയും ചെന്നായയും........30
ഉത്തരം കിട്ടാത്ത ഒമ്പത് അത്ഭുതങ്ങളിലേക്ക്........31



# പാവക്കുട്ടി

പാവക്കുട്ടീ, പാവക്കുട്ടീ
എങ്ങോട്ടോ ഓടിപോയി നീ?
ഇന്നുരാത്രി ഉറങ്ങാനായി
എന്നുടെ കൂടെയൊരു വരും?

സൂര്യനുദിച്ചാൽ എന്നെത്തട്ടി-
യുണർത്താനായിട്ടാരു വരും?
പഠിച്ചു തീർന്നാലൊന്ന് കൂടെ
കളിക്കാനായിട്ടാരു വരും ?

സ്കൂളിൽ പോകാൻ എനിക്ക് കൂട്ടായി
ബാഗിൽ കയറി ഇരിക്കേണ്ടേ
പാവക്കുട്ടീ, പാവക്കുട്ടീ
എങ്ങോട്ടോ ഓടിപോയി നീ?

ROHINI MN




# അതിജീവനം

അയാളുടെ കണ്ണുകൾ എന്തിനൊക്കെയോ തിരയുന്നത് ഞാൻ കണ്ടു അത് മറ്റൊന്നുമായിരുന്നില്ല തിരഞ്ഞത് സ്വന്തം വീടിന് തന്നെയായിരുന്നു പക്ഷേ അയാളുടെ ഉണ്ടായിരുന്ന സ്ഥലത്ത് വെറും മണ്ണും ചെളിയും അല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല ഒരു നീണ്ട കാലയളവിന് ശേഷം ക്ഷണിക്കപ്പെടാത്ത അതിഥിയായി അതെത്തി അത് മറ്റൊന്നുമായിരുന്നില്ല ഒരു വെള്ളപ്പൊക്കം അത്രയേയുള്ളൂ.'അത്രയേഉള്ളൂ'എന്ന വാക്കിൽ നമ്മൾ ഇതിനെ ചുരുക്കുമ്പോൾ ഈ വാക്ക് വെള്ളപ്പൊക്കത്തിന്റെ ഇരയായവർക്ക്അത്ര നിസാരമല്ല എന്തെന്നാൽ ഈയൊരു വെള്ളപ്പൊക്കം കൊണ്ടുപോകുന്നത് ഇന്നലെവരെ സന്തോഷത്തോടെ കഴിനിരുന്ന മാതാപിതാക്കളും  മക്കളുമാവാം .നമ്മുടെ കേരളത്തിന് നഷ്ടപ്പെട്ടത് ഇന്നലെയുടെ യോദ്ധാക്കളും നാളെയുടെ പൗരന്മാരെയും ആണ് അതിലപ്പുറം ഈ വെള്ളപ്പൊക്കം കൊണ്ട് അന്യ ഭാഷക്കാർക്കും അന്യ ദേശക്കാർക്കും മലയാളികൾ എന്ന് കേൾക്കുമ്പോൾപുച്ഛിച്ചുതള്ളി ഏവർക്കും വേണ്ടി കേരളീയ ജനതയുടെ ഒത്തൊരുമയുടെ കരുത്ത് തെളിയിക്കുകയായിരുന്നു .പല പ്രശസ്തികളുംഉപഹാരങ്ങളും വാങ്ങി ആദരവിന്റെ  പരകോടിയിൽ എത്തിയവർ പോലും മടിച്ചു നിന്നപ്പോൾ സ്വന്തം ജീവൻപോലും വകവയ്ക്കാതെ നമ്മളൊക്കെ അറപ്പോടെ കണ്ട മത്സ്യത്തൊഴിലാളികളെ ഉണ്ടായിരുന്നുള്ളൂ അവരെയൊക്കെ രക്ഷിക്കാൻ എന്നാണ് യാഥാർത്ഥ്യം നാം തികച്ചും അഭിമാനം കൊള്ളേണ്ടത് ആണ് പല ദുരന്തങ്ങൾക്കിടയിലും മലയാളികളുടെ ഒത്തൊരുമ ഒന്നുകൊണ്ടുമാത്രമാണ് കേരളം കരകയറിയത്

അങ്ങനെ ശാപമായി വന്ന വെള്ളപ്പൊക്കം ഓരോ ഗുണപാഠമായി നമ്മുടെ മനസ്സിൽ എന്നും ഉണ്ടാകും എന്നത് തീർച്ച. ദൈവത്തിൻറെ സ്വന്തം നാട്ടിൽ ഒലിച്ചുപോകാതെ നിന്നത് ഒന്നുമാത്രം കേരളീയരുടെ കൂട്ടായ്മ.

ARSHITHA KS

10 D (2017-18)

Li





# മച്ചാനെ അടിപൊളി

എടാ.....

കുരുത്തംകെട്ടവന് നിന്നെക്കൊണ്ട് ഈ വീട്ടിലേക്ക് വല്ല ഗുണമുണ്ടോ ഡാ....? മാധവി അമ്മയ്ക്ക് ഇന്ന് വലിവ് കൂടുതലാണ്, മരുന്ന് തീർന്നിട്ട് രണ്ടുമൂന്ന് ആഴ്ചയായി മരുന്നു വാങ്ങാനുള്ള പണവും രാമൻകുട്ടി യേട്ടൻ ഉണ്ടായിരുന്ന കാലത്ത് വാങ്ങിയ കുറച്ചു പണ്ടങ്ങളും ചേർത്താണ് ഉണ്ണി ഈയാഴ്ച ഒരു പുതിയ ടിവി വാങ്ങിയത് ഫ്രാൻസും ക്രൊയേഷ്യയും തമ്മിലുള്ള ഫൈനൽ മാച്ച് കാണാൻ ടിവിക്കുമുന്നിൽ അക്ഷമനായി കാത്തിരിക്കുകയാണ് ഉണ്ണി . അതാ കളി തുടങ്ങി. ആ ഉരുണ്ട സാധനത്തിനു വേണ്ടി നമ്മുടെ ചങ്ക് ബ്രോസ് ഓടുകയാണ് അടിക്കെടാ ഹെഡ്.... ഓടടാ... തള്ളിമാറ്റാൻ അവനെ ഉണ്ണിക്ക് ആവേശം കയറിത്തുടങ്ങി. മാധവിയുടെ വലിവും അധികമായി. റഷ്യയിൽ കളിക്കുന്ന കളിക്കാർക്ക് ഉണ്ണി ഈ ഓണം കേറാ മൂലയിലിരുന്ന് നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. മോനേ... ഒന്നിങ്ങോട്ട് വാടാ.... കുറച്ച വെള്ളം താടാ.. ലൂക്കാ മോഡ്രിച്ച് ചെയ്യുന്ന ഓരോ നീക്കങ്ങളും ശ്രദ്ധിച്ചു കൊണ്ട് തന്നെ അവൻ തൊണ്ട കീറി ." മുണ്ടാണ്ട് കടക് തള്ളേ അവടെ" അതാ ഏവരെയും ഞെട്ടിച്ചുകൊണ്ട് മലൂക്കാ മോഡ്രിച്ച് തകർപ്പൻ ഗോൾ. മാധവിയമ്മയുടെ നിശ്വാസവും നിന്നു മാഡ്രിഡിന് വിജയാശംസകൾ !മാധവിക്കുട്ടി അമ്മയ്ക്ക് ആദരാഞ്ജലികൾ! തന്നെ നൊന്തുപെറ്റ അമ്മയുടെ വിയോഗം അറിയാതെ ക്രൊയേഷ്യയുടെ ആരാധകനായ ഉണ്ണി തുള്ളിച്ചാടിക്കൊണ്ട് അലറി,' മച്ചാനേ അടിപൊളി'.







ജില്ലാസ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത ശ്രീകൃഷ്ണപുരം എച്ച്എസ്എസ് വിദ്യാർത്ഥികൾ

# കലാ പാരമ്പര്യം കാത്തുസൂക്ഷിച്ച് ശ്രീകൃഷ്ണപുരം എച്ച്എസ്എസ്

ശ്രീകൃഷ്ണപുരം: ജില്ലാസ്കൂൾ കലോത്സവത്തിൽ മികവ് തെളിയിച്ച് ശ്രീകൃഷ്ണപുരം എച്ച്എസ്എസ്.

പൊതുവിദ്യാലയങ്ങളിൽ സംസ്കൃതോത്സവത്തിൽ 53 പോയിന്റുമായി ഒന്നാംസ്ഥാനവും, ജനറൽ വിഭാഗത്തിൽ 104 പോയിന്റുമായി എച്ച്എസ്എസ് വിഭാഗവും, 87 പോയിന്റുമായി എച്ച്എസ് വിഭാഗവും നേടി രണ്ടാംസ്ഥാനം കരസ്ഥമാക്കി. ആലപ്പുഴയിൽ നടക്കാനിരിക്കുന്ന സംസ്ഥാന കലോത്സവത്തിൽ ഒമ്പത് ഇനങ്ങളിലായി 24 പേർ പങ്കെടുക്കും. ചെർപ്പുളശ്ശേരി ഉപജില്ലാ കലോത്സവത്തിൽ സംസ്കൃതോത്സവത്തിൽ തുടർച്ചയായി പതിനാലാം തവണയും, ജനറൽ വിഭാഗത്തിൽ തുടർച്ചയായി ആറാംതവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്.

ജില്ലാ കലോത്സവത്തിന് ലോഗോ തയ്യാറാക്കിയത് സ്കൂളിലെ ചിത്രകലാ അധ്യാപകനായ ടി.കെ.വിപിൻനാഥാണ്. ശാസ്ത്രമേളയിലും, കായികമേളയിലും തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ശ്രീകൃഷ്ണപുരം ഹയർസെക്കൻഡറി സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

# ഓളപ്പരപ്പിലൂടെ ഒരു യാത്ര

ഞാൻ ആദ്യമായാണ് അവിടെ പോകുന്നത് കായലിനെ നാട്ടിൽ കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയായ ആലപ്പുഴയിലെ കുട്ടനാട്ടിൽ. അവിടത്തെ ഭൂമി വെള്ളത്താൽ നിർമ്മിതമാണെന്ന് തോന്നും. എവിടെ നോക്കിയാലും വെള്ളം. മേലെ വന്നു തഴുകി പോകുന്ന കുട്ടനാടൻ കാറ്റ്. ആ കാറ്റിൻറെ തഴുകൽ ആസ്വദിക്കാനും വെള്ളത്തിൻറെ വിശാലത കണ്ട അത്ഭുതപ്പെടാൻ ഉമായി ഓളപ്പരപ്പിലൂടെ ഹൗസ് ബോട്ടിൽ ഒരു യാത്ര അതിനാണ് അന്ന് ഞങ്ങൾ അവിടേക്ക് പോയത്.



കുട്ടനാട്ടിലെ മനംമയക്കുന്ന സൗന്ദര്യം കണ്ടാസ്വദിക്കാൻ വേറെ ഉപാധികൾ ഇല്ലെന്ന് എനിക്കും തോന്നി.



കണ്ണെത്താദൂരത്തോളം നീണ്ടുകിടക്കുന്ന കായൽ മാത്രമാണ് മുന്നിൽ. രണ്ടു വശങ്ങളിലേക്ക് നോക്കിയാൽ ജലനിരപ്പിനു തൊട്ടു മുകളിൽ തോണികൾ നിൽക്കുന്നതു പോലെ ചെറിയ ചെറിയ വീടുകൾ. നമ്മുടെ നാട്ടിലൊക്കെ വീട്ടുമുറ്റത്ത് ബൈക്കും ഒക്കെയല്ലേ ഉണ്ടാവുക. അവിടെ എല്ലാ വീടിൻറെ മുന്നിലും കാണും ഒരു കൊച്ചു തോണി പുന്നമടക്കായലിൽ നിന്ന് ഞങ്ങൾ പതുക്കെ കേരളത്തിലെ ഏറ്റവും വലിയ വേമ്പനാട്ടു കായലിലേക്ക്. വേമ്പനാട്ടുകായൽ ഒരു മനോഹരമായ സ്ഥലം തന്നെ. ചുറ്റും നോക്കിയപ്പോൾ കായൽ മാത്രം വിശാലമായ കായൽ പുഞ്ചിരിതൂകി എന്നെ നോക്കി. ഒപ്പം മന്ദഹസിച്ചുകൊണ്ട് മീനുകളെപ്പോലെ നീന്തി നടക്കുന്ന



മറ്റു ഹൗസ് ബോട്ടുകളും കോഴികളും. എൻറെ മനസ്സിൽ സന്തോഷം തിരതല്ലി. ഞാൻ സ്വർഗ്ഗത്തിലാണ് എന്ന് തോന്നി കായലും കാറ്റും വെള്ളം കെട്ടിക്കിടക്കുന്ന പാടങ്ങളും എന്നെ മാടി വിളിക്കുന്നതു പോലെ. പിന്നെ നല്ലൊരു കാഴ്ച കണ്ടു. കുറേ കുട്ടികളും അമ്മമാരും ഒക്കെ അവരവരുടെ വീട്ടുമുറ്റത്തിന് ചൂണ്ടയിട്ട് മീൻ പിടിക്കുന്നു. അവരുണ്ടാക്കുന്ന മീൻകറി എങ്ങനെയുണ്ടാവും ഞാൻ ആലോചിച്ചു നോക്കി ഹായ്.... വേമ്പനാട്ടുകായൽ എൻറെ ജീവിതത്തെ ഒരു മനോഹരമായ യാത്ര തന്നെയാണ് വെള്ളത്തിൻറെ മുകൾ പരപ്പിലൂടെ തോണി തുഴഞ്ഞ് അമ്മാവന്മാർ മാത്രമല്ല പോകുന്നത് എന്നെക്കാളും പ്രായംകുറഞ്ഞ കുട്ടികൾ പോലും നിഷ്പ്രയാസം തോണി തുഴയുന്ന തും കുറേനേരം വെള്ളത്തിൽ താണു കിടക്കുന്നതും അത്ഭുതത്തോടെ നോക്കി. അവരെയൊക്കെ അഭിവാദ്യം ചെയ്യാൻ തോന്നി. കായലിൽ എളുപ്പത്തിൽ നീന്തിതുടിക്കുന്ന കുസൃതി മത്സ്യങ്ങളാണ് അവരെ പണക്കാർ നീന്തൽ പഠിപ്പിച്ചതെന്നു തോന്നുന്നു. എനിക്കും അങ്ങനത്തെ ഒരു കുട്ടിയാവാൻ പറ്റുമോ?

ബോട്ടിൽ നിന്നുള്ള കാഴ്ചകളെ പോലെതന്നെ എന്നെ വളരെയധികം സന്തോഷിപ്പിച്ചു ബോട്ടിലെ ഭക്ഷണം ഞങ്ങൾ മൂന്നുനേരം ഭക്ഷണം കഴിക്കുമ്പോഴും കുട്ടനാട് മൊത്തം എന്നോട് പറയുന്ന പോലെ.'' നല്ലോണം കഴിച്ചോളൂ''.... എനിക്ക് നല്ല സന്തോഷമായി ഒപ്പം അവയൊക്കെ ഉണ്ടാക്കിത്തന്ന എട്ടൻമ്മാരോട് പെരുത്തിഷ്ടം.



അങ്ങനെ ഒരുദിവസം മുഴുവൻ കായലിലൂടെ സ്വർഗ്ഗത്തിനു തുല്യമായ ഒരു ദേശം കണ്ടു, മനസ്സിനെ കുളിരണിയിച്ചു. തിരിച്ചുപോരാൻ തോന്നിയില്ല കുട്ടനാട് പറഞ്ഞു ''ചിന്നു പോണ്ട''.






# <u>ഞാനെന്ന പന്ത്</u>

ഹായ്! ഞാൻ പന്ത് വെറും പന്തല്ല. ലോകകപ്പ് ഫുട്ബോളിൽ പങ്കെടുത്ത ഒരു വ്യക്തി. എൻറെ ദയ എന്നതുകൊണ്ട് മാത്രമാണ് ഈ ഫുട്ബോൾ നടന്നത്. ഹും അവസാനം കാര്യം കഴിഞ്ഞപ്പോൾ മാറാലയും പൊടിയും പിടിച്ച് ഒരു മുക്കിൽ കിടക്കേണ്ട അവസ്ഥ വന്നു. ഒന്ന് ആലോചിക്കാൻ പോലും വയ്യ. എൻറെ വീരത്തിന് ആവശ്യമായ വായു നിറച്ച് ഒത്തിരി തവണ കഴുകി വൃത്തിയാക്കി, ഈ കളിയിൽ പങ്കെടുത്ത എല്ലാറ്റിനെയും ചവിട്ടു കൊണ്ട് ഒരു ടീമിനെ ജയിപ്പിച്ച എല്ലാം കഴിഞ്ഞ് ഗോൾ പോസ്റ്റിന് മുകളിൽ കിടന്ന്. ഹൊ! ഈ ഗതി ആർക്കും വരാതിരുന്നാൽ മതിയായിരുന്നു.

*LAKSHMI PR*




shnapuram





# ___Yelp of heart

I walked fast a mansion
a Scene of flying famy
where I could See the passion
of Shrilly voice and cutest smile

A scene of thrill and joyness
Now I see the God's best creation
yelling in merry and playing on
meaning the tunes of childhood

It made me remember
all that was meant to forget
my terrible days of boyhood
horrified like the canterrille


there i stood all alone
in the middle of the street
tears shipping in the fouring rain
making a stubborn fair to life

starving to thrive i had my will
facing the fantacies of innocence
jumping over rooky hudles
with a heart pain screeming 'i will'

Everyday turning out be an era
marking faces and peireing humiliations
I pretended to be the oldest mammoth
as all this life uphold a crazy drama

I have not i lived in a castle
something being erased from my saga
being fast more sure not of the famy
but only of the homely symphony

Left all lone to achieve the will O' the wish
walking all my life homeless and lonely
And now I open my eyes could you still see
the glaze of tear yet not shed ?



Little kites Hss Sreekrishnapuram

# ഏകാന്തത

ഇരുട്ട് ആണിവിടെ,

ഈ മുറിയാകെ!

ജനലിനരികിൽ വാക്ക് ഉറുമ്പുകൾ

മുഷിഞ്ഞ കടലാസുകൾ

ഉറക്കത്തിലേക്ക് ,

നനുത്ത നിഴൽ, പടിവരെ

വഴിയിൽ വീഴാത്ത

പുസ്തകങ്ങൾ......

കൊഴിഞ്ഞ സ്വപ്നങ്ങൾ

മടികെട്ടിൽ പൊതിഞ്ഞ്

പേനകൾ .

മേൽക്കൂരകളിൽ

മൂഷികൻ മാർ

ഇരുട്ടിനെ കാർന്നുതിന്നുന്നു .

അതിനിടയ്ക്കാണ്

നീ വാതിൽ തുറന്നത്

അതെ ;അപ്പോഴാണ്

ഉദയസൂര്യൻ എൻറെ കൈകളിൽ

നിന്നുയർന്നത് ,

മിഴികളിൽ നിന്ന്

പെരുമഴയുതിർന്നത്,

മനസാകെ മഴവിൽ

നിറഞ്ഞത്.....

അതെ; ആ ആനന്ദത്തിൽ

ഞാൻ സംതൃപ്തിയടഞ്ഞു.

ARDRA CM

# മയിൽപീലിയുടെ മരണം

മയിൽപീലി കണ്ണുകളിലൂടെ
ബാല്യത്തിലെ ഓർമ്മകളെ അയവിറക്കാൻ
അയവിറക്കാൻ ആകാശം എന്ന
കാണരുതെന്ന് പറഞ്ഞ്
പുസ്തകത്താളുകളിൽ മയിൽപ്പീലികളെ
വിലങ്ങു വയ്ക്കും കാലം
ബാല്യത്തിലെ, അലിവിന്റ് നിസ്വാർത്ഥമായ
രൂപത്തെ കാണാം; അമ്മ
മയിൽ പീലി കണ്ണുകൾ ദുഃഖത്തിന്റ്
കഥയേയും വിവരിക്കുന്നു
മക്കൾ ഉപേക്ഷിച്ചിട്ട്, അനർത്ഥമായ
രണ്ടാം ബാല്യത്തിൽ.
ബാല്യത്തിൽ ഒളിപ്പിച്ചുവെച്ച നീ മയിൽപീലി
സ്വാതന്ത്ര്യമാകുന്നു.
മയിലിൻ ഒപ്പം പറക്കാനാവാത
അവിടെ മയിൽപീലി കളുടെയും
ജീവിതത്തിന് അന്ത്യം
സ്വസ്ഥമായ വിഹാര പദങ്ങളിലേക്ക്
വിദൂര സ്വപ്നങ്ങളിലേക്ക്
ജനലഴികൾ ഭേദിച്ച്
അവ പറന്നകലുന്നു.



ANIRUDH.AR

# ജന്മം

പാവകളി എനിക്ക് വളരെയേറെ ഇഷ്ടമാണ്. എനിക്ക് അവയെക്കൊണ്ട് കളിക്കാൻ ഇഷ്ടമല്ല. പക്ഷേ കാണാൻ മാത്രം ഞാൻ അമ്മയുടെ ശകാരങ്ങൾ കേൾക്കുമ്പോൾ പാവയെ കുറിച്ച് ആലോചിക്കാറുണ്ട്. അവയ്ക്ക് സ്വാതന്ത്ര്യം കൂടുതലാണ്. എനിക്ക് പലപ്പോഴും അവയോട് അസൂയയാണ്. അടുത്ത ജൻമത്തിലെങ്കിലും ഈ പാവ എൻറെ അമ്മയുടെ മൂത്ത കുട്ടിയായി ജനിക്കണമേ എന്നത് എൻറെ പ്രാർത്ഥനയാണ്. ശകാരം ഞാൻ കേൾക്കുമ്പോൾ അതെന്നെ നോക്കി ചിരിച്ച് കളിയാക്കുകയാണെന്ന് എനിക്കും അങ്ങനെ അതിനെ കളിയാക്കണം.

-NILA K-





shutterstock.com • 214696549

Little kites Hss Sreekrishnapuram

# നിഴൽ എന്ന സുഹൃത്ത്

എല്ലാവർക്കുമുണ്ട് ഒരിക്കലും പിരിയാനാവാത്ത ഒരു സുഹൃത്ത്. ജനനംമുതൽ മരണംവരെ എല്ലാവർക്കും ഉണ്ടാകും ഇങ്ങനെ ഒരു സുഹൃത്ത് നാം എന്തുചെയ്യുമ്പോഴും ഇവിടേയ്ക്ക് പോകുമ്പോഴും നമ്മുടെ കൂടെയുള്ള സുഹൃത്ത് ഈ ഭൂമിയിൽ എല്ലാ ജീവജാലങ്ങൾക്കും ഉള്ള സുഹൃത്ത് ഒരു തരി പൂഴിക്ക് പോലും ഉണ്ട് ഇങ്ങനെയൊരു പ്രിയസുഹൃത്ത്. നമ്മൾ ഉറങ്ങുമ്പോൾ ഉറങ്ങുന്ന. നമ്മൾ കളിക്കുമ്പോൾ കളിക്കുന്ന. നമ്മൾ എന്തുചെയ്യുമ്പോഴും ചെയ്യുന്ന ഒരു കോമാളി എന്നപോലെ ഏറ്റു ചെയ്യുന്ന ഒരു സുഹൃത്ത്. ഒരിക്കലും നമ്മൾ ഒറ്റയ്ക്ക് ആവുന്നില്ല എന്നോർക്കുക ഒറ്റയ്ക്കാണെന്ന സങ്കടം പാടില്ല. ആ സുഹൃത്താണ് നിഴൽ.





# പലതും തെളിയുന്നുണ്ട്

*കിലുക്കാൻ കുപ്പിവളകളോ പുഞ്ചിരി ക്കുവാൻ വിടർന്ന ചുണ്ടുകളോ കാലൊച്ച കേൾപ്പിക്കാൻ പാദസ്വരങ്ങൾ, ഒന്നും എനിക്കുണ്ടായിരുന്നില്ല, കത്തെഴുതാൻ പേനയോ ഏറെനേരം സംസാരിച്ചിരിക്കാം നല്ല ശബ്ദമോ , നോക്കിയിരിക്കാൻ നല്ല മിഴികളോ ഒന്നും എനിക്കുണ്ടായിരുന്നില്ല എന്തെന്നാൽ, എൻറെ പട്ടിണിക്ക് കുട്ടിയാനകളെ അടക്കി നിർത്താനും പേനയുടെ നാവടക്കാൻ വഴിയുടെ വിരുദ്ധ കളി ശാസിക്കാനും കഴിയുമായിരുന്നില്ലഅന്ന് എനിക്ക് സാധിക്കുമായിരുന്നു. എൻറെ സ്വപ്നങ്ങളെ മറിച്ചു പിടിക്കാനും ഇരുട്ടിനോട് മാത്രം അവ പരസ്യം ആക്കാനും പിന്നെ എന്നാണാവോ, എൻറെ ചുണ്ടുകൾ ഞാനറിയാതെ വിടർന്നതും എൻറെ കുപ്പിവളകൾ ഞാനറിയാതെ വിങ്ങിയതും ഞാനറിയാതെ വിടർന്നതും മുടിയിഴകൾ ഞാനറിയാത അഴിഞ്ഞതും ഒന്നും എനിക്കറിയില്ല കാരണം, എൻറെ മറവികളും ഓർമ്മകളും എന്നോ എന്നെ വിട്ടു പോയിരുന്നു. എൻറെ കരച്ചിലും ചിരിയും എന്നോ എന്നോട് തെറ്റി പോയിരുന്നു എൻറെ എഴുത്തുകൾ എന്നോ എന്നെ വിട്ട് ഓടിപ്പോയിരുന്നു എങ്കിലും പലതും തെളിയുന്നുണ്ട് കണ്ണിലെ കുറച്ച് കരിമഷിയിൽ, പാവാടയിലെ കോരിയിട്ട് വരകളിൽ, ജനാലയുടെ കണ്ണിൽ തെളിയുന്ന കാട്ടിനുള്ളിൽ പലതും കാണുന്നുണ്ട് വ്യക്തമല്ലാത്ത, ശുദ്ധമല്ലാത്ത പലചിത്രങ്ങളും.*

DIVYA S NAIR






# കാഴ്ചക്കപ്പുറം




ഞാൻ മലയാളി
ഇപ്പോൾ മുങ്ങിപ്പൊങ്ങിതേഉള്ളൂ
പുറത്ത് മഴയുടെയും പുഴയുടെയും
കല്യാണമായിരുന്നു അതുകൊണ്ട്
ഞങ്ങൾ ഇങ്ങുപോന്നു ഡിഗ്രി
കഴിഞ്ഞുപോന്ന കോളേജിൽ പാർട്ടി
ആഘോഷിക്കാൻ. ഞങ്ങളുടെ വീടും
ഉപകരണങ്ങളും മഴയ്ക്കും പുഴക്കും
ആഭരണങ്ങളായി ആ
ആഭരണങ്ങൾ ഭൂമിക്കടിയിൽ ചെളി
കുമ്പാരങ്ങൾ ആയി നഷ്ടപ്പെട്ടു,
ഒപ്പം ഞങ്ങളുടെ സ്വപ്നങ്ങളും.



ARCHANA KR

# വഴികൾ അവസാനിക്കുന്നിടം

പടിയിറങ്ങുന്നത് എന്തിനാണ്.....
ഇതല്ലേ എൻറെ സാമ്രാജ്യം.....
ഇതല്ലേ എൻറെ സൗഭാഗ്യം....
ഇതുമാത്രമല്ല എൻറെ സമ്പാദ്യം....
ഈ സ്വപ്നകുടീരം കെട്ടിപ്പൊക്കാ-
-നായിരുന്നില്ലേ ഞാനീ-
-ത്രയും നാൾ കണ്ണിലെ-
-ണ്ണയും ഒഴിച്ച് കാത്തിരുന്നത്...
രാപ്പകൽ മറന്നു വിയർത്തുകുളിച്ചത്......
എന്നിട്ട് ഇപ്പോൾ.......
എന്താണ് അവൻ ആജ്ഞാപിക്കുന്നത്
എന്താണ് അവൻ കൽപ്പിക്കുന്നത്
ഇവിടെനിന്നും താൻ ഇറങ്ങണമെന്നോ
കഴിയുമോ എനിക്കതിന്
ഇല്ല ഒരിക്കലുമില്ല
കെട്ടും കെട്ടിയവരെയെല്ലാം
എവിടേക്കാണ് യാത്രയാവുന്നത്
ആ ആമുഖത്തിലൂടെ
ഒലിച്ചിറങ്ങുന്നത് കണ്ണുനീർ ആണോ
അല്ലായിരിക്കാം
തീജ്വാലയാവാം അത്



പുഴ വന്നു മാടി വിളിച്ചപ്പോൾ അവിടന്ന് കുലുങ്ങിയത്
എന്തിനാണ്
അതെ തന്നിലേക്ക് പുഴയെ
ആവാഹിച്ച് താണോ
ഒരുപക്ഷേ ഇവൾ
പുഴതൻ കാമിനി ആവാം
എന്നാലും
എന്തിനായിരുന്നു നീ
കൊട്ടും പാതകം
മരുഭൂമിയിലെ ചൂട് എല്ലാം
ഞാൻ മഞ്ഞ ആക്കിയത്
ഇന്ത്യ സ്വപ്നസാക്ഷാത് കാരതി
നായിരുന്നില്ലേ... എന്നിട്ടും...
ഭൂമിയുടെ രൗദ്രഭാവത്തിൽ അവർ
മനുഷ്യ നൊമ്പരം
മറന്നുവോ.



# Mother's Love



Mother's love is a differential love
it is nutritious to me, and it is true love
my mother's love is like no other love,
in which you can compare.
She is the pillar of house and family
mother's arms were always open,
when I need a hug.

God sent my mother to me,
as a special gift from above
mother's strength and love has guided me,
and give me wings to fly.
Mother's love is a wonderful love
so, don't miss me ......



SUMISHA.A
9.D

# എൻറെ വിശ്വവിദ്യാലയം

പേടിപ്പെട്ടുഞ്ഞും ആദ്യച്ചുവടിൽ
പേടിയില്ലാതെയാ വിശ്വവിദ്യാലയത്തിൽ
വിദ്യതൻ സൂത്രം ഓതി തരുന്നവർ
ആ വിദ്യാലയ വഴികാട്ടികൾ അധ്യാപകർ
അക്ഷരമുറ്റത്തെ മഞ്ഞായി
മഴയായ് മനസിൽ വിരിയുന്ന
ഒരു മധുര മധുരസ്മൃതി എൻറെ
വിദ്യാലയം



ആദ്യ മണിയിൽ അഖിലാണ്ഡമണ്ഡലവും
ജനഗണമനയും കാതോർക്കുന്ന നാളുകൾ
ഉറക്കം വരുന്നത് കണക്കുക്ലാസ്സും
ഇരട്ട പേരിൻറെ കേന്ദ്രവുമാണ് എൻ
വിദ്യാലയം
കാൽപ്പന്തുകളിയുടെ ഭ്രാന്ത്
പരീക്ഷാഹാളിലെ കോപ്പിയടിക്ക് വേണ്ടിയുള്ള
കഥകളിയും
പരീക്ഷയിൽ ഉത്തരംമുട്ടി
കണ്ണുനിറയും
ഉച്ചത്തെ വിയർപ്പിൽ
നക്കി തുടക്കം ഐസ്ക്രീം കോലും
അധ്യാപകരുടെ ചൂരൽ
കഷായത്തിൽ
കൈതുടച്ച് ഓടിപ്പോകും
അവസാന നീണ്ട മണിക്ക്
കാതോർത്തു നിൽക്കുമോ
വരാന്തയിൽ വൈകുന്നേരം
നീണ്ട മണിയൻ ശബ്ദത്താൽ
ഓട്ടം അറിഞ്ഞു
വീഴുവാൻ അയൽ പറമ്പിലെ
മാമ്പഴവും നെല്ലിയും
വീട്ടിലെത്തിയാൽ മാതാപിതാക്കളുടെ
ശാസനയും ചൂരൽ കഷായവും
ഇത്രമാത്രം വിശിഷ്ടമാണ് എൻ
വിശ്വവിദ്യാലയം..







GOKULDAS K

**_9 B_**

# ജലം

**കുടിക്കുവാൻ വേണം ജലം**
**കുളിക്കുവാൻ വേണം ജലം**
**നമുക്ക് അലക്കുവാൻ വേണം ജലം**
**അഴുക്ക് അകറ്റുവാൻ വേണം ജലം**

**ജലക്ഷാമം ഇന്നു നാടാകെ രൂക്ഷം**
**ജനക്ഷേമം അതിനാൽ എത്രയോ കഷ്ടം**
**അരുതരുത് ദുരുപയോഗം അരുത്**
**അതിനാൽ**
**അരുതരുത് ജല ദുരുപയോഗം അരുത്**

**ജലം അമൂല്യമാണ് അത് അറിയുക ജനതേ**
**ജലം അമൂല്യമാണ് അത് കരുതുക ജനതേ**
**അത് മലിനമാക്കരുത് മനുഷ്യ .**
**അത് മലിനമാക്കരുത് മനുഷ്യ .**

GOKULDAS.K

# ചാത്തൻ്റെ അഹങ്കാരം




കാട്ടിലെ കണ്ടൻ കരടിക്ക് ഒരുദിവസം വലിയൊരു പഴക്കുല കിട്ടി
സന്തോഷത്തോടെയും പഴക്കുലയും തലയിൽ വെച്ച് വീട്ടിലേക്ക്
കുറച്ചുദൂരം ചെന്നപ്പോൾ ചാത്തു കുരങ്ങൻ പാണ്ടൻ കരടിയെ





കണ്ടയുടനെ ചാത്തു പറഞ്ഞു' ഹും നിനക്കെന്തിനാ ഇത്രയും പഴം?

എനിക്ക് വല്ലാതെ വിശക്കുന്നു. എനിക്ക് താ!'

എന്നിട്ട് ചാത്തു പഴക്കുല യിൽ നിന്ന് പഴം എടുക്കാനായി ഒരൊറ്റ

ചാട്ടം! പാണ്ടൻ ഉണ്ടോ അത് സമ്മതിക്കുന്നു? അവൻ പഴക്കുല താഴെ

വച്ചിട്ട് ചാത്തന് നല്ല നാലടി കൊടുത്തു! അവനെ പിടിച്ച് ഒരു

മരത്തിൽ കെട്ടുകയും ചെയ്തു!

അപ്പോഴാണ് ചിന്നൻ മുയൽ അതുവഴി വന്നത്. പഴക്കുല കണ്ടപ്പോൾ

അവന് കൊതിയായി" ചേട്ടാ പഴം കണ്ടിട്ട് കൊതിയാവുന്നു

അതിലൊരെണ്ണം എനിക്ക് തരാമോ?

ചിന്നൻ ചോദിച്ചു

പാണ്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു തരാമല്ലോ എന്നിട്ട് വേഗം കുറെ

പഴമെടുത്തു ചിന്നന് കൊടുത്തു

അതുകണ്ടപ്പോൾ ചാത്തന് അതിശയമായി ഹേയ് കരടി ചാരെ

ഞാൻ പഴം ചോദിച്ചപ്പോൾ എനിക്ക് താൻ അടി തന്നു ചിന്നൻ

ചോദിച്ചപ്പോൾ അവന് പഴം കൊടുക്കുകയും ചെയ്തു ഇതു ശരിയാണോ?

ചാത്തു ദേഷ്യത്തോടെ ചോദിച്ചു

അപ്പോൾ പാണ്ടൻ പറഞ്ഞു ഹഹഹ നീ എൻറെ കയ്യിൽ നിന്ന് പഴം

തട്ടിപ്പറിക്കാൻ അല്ലേ നോക്കിയത് ചിന്നൻ കണ്ടോ. മര്യാദയ്ക്ക്

എന്നോട് പഴം ചോദിച്ചു. അതുകൊണ്ടാണ് ഞാൻ അവനു പഴം

കൊടുത്തത്!"

അപ്പോഴാണ് ചാത്തുവിന് തൻറെ തെറ്റ് മനസ്സിലായത്. അവൻ

തലകുനിച്ച് ഒന്നും മിണ്ടാതെ നിന്നു.

ഇതുകണ്ടപ്പോൾ പാണ്ടന് സങ്കടമായി. അവൻ ചാത്തു കുരങ്ങനെ

വേഗം അഴിച്ചുവിട്ടു എന്നിട്ട് രണ്ടു പഴവും കൊടുത്തു. പിന്നെ

വാഴക്കുലയും

തലയിൽവെച്ച് പാണ്ടൻ മൂളിപ്പാട്ടും പാടി വീട്ടിലേക്ക് നടന്നു.

ABHIJITH.T

# ഇവാനും ദുർമന്ത്രവാദിയും



ആരുമൊന്ന് കൊതിച്ചുപോവും കൊസ്ലേവ് ഗ്രാമത്തിലെ ആ ആപ്പിൾ മരം കണ്ടാൽ! തുടുതുടുത്ത ചുവപ്പൻ ആപ്പിളുകൾ ആ മരത്തിലാകെ തൂങ്ങിനിന്നിരുന്നു! ആപ്പിൾ മരത്തിനടുത്തെത്തുമ്പോൾ ഇവാൻ്റെ വായിൽ കപ്പലോടിക്കാൻ വെള്ളമുണ്ടാകും എന്നാൽ വായിൽ വെള്ളമൂറുന്നതല്ലാതെ ആർക്കും അത് സ്വന്തമാക്കാനുള്ള ധൈര്യമുണ്ടായിരുന്നില്ല! ഭീകരരൂപിണിയായ തിയാര എന്ന ദുർമന്ത്രവാദിനിയുടെതായിരുന്ന ആ ആപ്പിൾ മരം



ഒരു ദിവസം കൊതി സഹിക്കവയ്യാതെ ഇവാൻ മരത്തിൽ കയറി ഒരു ആപ്പിൾ പറിച്ച് കഴിക്കാൻ തുടങ്ങി. ഉടനെ പ്രത്യക്ഷപ്പെട്ടു ഭയങ്കരിയായ തിയാര! “നിൻെറ ധൈര്യം എനിക്കിഷ്ടമായി! നിനക്ക് രക്ഷപ്പെടാൻ ഞനൊരവസരം തരാം!” തിയാര അട്ടഹസിച്ചുകൊണ്ടു പറഞ്ഞു . പേടി പുറത്തു കാണിക്കാതെ ഇവാൻ തിയാരയോടു ചോദിച്ചു:'എന്തവസരമാണത് ' നിനക്ക് ഞാൻ പത്തുമണിക്കൂർ നൽകും ആ സമയം കൊണ്ട് നിനക്ക് എവിടെ വേണമെങ്കിലും ഒളിക്കാം പത്തുമണിക്കൂറിനുള്ളിൽ നിന്നെ ഞാൻ കണ്ടു പിടിച്ചാൽ നീ എൻ്റെ അടിമയാകും! അല്ലെങ്കിൽ ഞാനൊരു സാധാരണ സ്ത്രീയായിമാറി നിന്നെ വിവാഹം കഴിക്കും"ഇത്രയും പറഞ്ഞ ഉടനെ തിയാര അപ്രത്യക്ഷയായി . ഇവാന് മിറാൻഡ എന്നൊരു കൂട്ടുകാരി ഉണ്ടായിരുന്നു ഒരുപാടു മാന്ത്രികശക്തിയുള്ള ഒരു മാലാഖയായിരുന്നു മിറാൻഡ! ഇവാൻ തന്നെ സഹായിക്കാൻ മിറാൻഡയോട് അവശ്യപ്പെട്ടു . മിറാൻഡ ഇവാനെ തോളിലേറ്റി മേഘങ്ങൾക്കിടയിൽ ഒളിപ്പിച്ചു എന്നാൽ തിയാര തൻ്റെ മന്ത്രപുസ്തകത്തിലൂടെ ഇവാനെ കണ്ടുപിടിക്കുമെന്ന് മനസ്സിലാക്കിയ മിറാൻഡ മറ്റൊരു സൂത്രം പ്രയോഗിച്ചു മിറാൻഡ ഇവാനെ ഒരു സൂചിയാക്കി മാറ്റി ഈ സൂചി ഒരു നൂലിൽ കോർത്ത് മിറാൻഡ തിയാരയുടെ മന്ത്രപുസ്തകത്തിൻ്റെ താളുകൾ പരസപരം തുന്നിചേർത്തു അതോടെ തിയരക്ക് ഇവാനെ കണ്ടുപിടിക്കാൻ കഴിയാതെയായി. അവസാനംതോൽവി സമ്മതിച്ച് തിയാര പിന്നിടുള്ള കാലം ഇവാനെ വിവാഹം കഴിച്ച് ഉരു സാധാരണ സ്ത്രീയായി ജീവിച്ചു



ASHIK.R
9.D

# ആട്ടിൻകുട്ടിയും ചെന്നായയും





വിശന്നുവലഞ്ഞ ഒരു ചെന്നായ കാട്ടിലൂടെ അലഞ്ഞുതിരിഞ്ഞു നടക്കുകയായിരുന്നു. അപ്പോഴാണ് ഒരു ആട്ടിൻകുട്ടി കൂട്ടംതെറ്റി മുന്നിൽ വന്നുപെട്ടത്. അതുകണ്ടപ്പോൾ ചെന്നായക് വളരെയേറെ സന്തോഷമായി. ചെന്നായ ചോദിച്ചു മുമ്പ് ഒരുനാൾ എന്നെ കളിപ്പിച്ചു കടന്നുകളഞ്ഞഅവനല്ലേ അതിൻറെ ശിക്ഷയായി ഞാൻ നിന്നെ തിന്നാൻ പോവുക . അപ്പോൾ ആട്ടിൻകുട്ടി പറഞ്ഞു ഞാൻ ജനിച്ചത് തന്നെ ഈയടുത്ത ദിവസമാണ് നീ കണ്ടത് മറ്റ വല്ലവരെയും ആയിരിക്കും ഇതുകേട്ട് ചെന്നായ മറ്റൊരടവെടുത്തു അതുശരി എൻറെ മൈതാനിയിൽ ആരും അറിയാതെ വന്ന പുല്ല്തിന്നിട്ട് തർക്കുത്തരം പറയുന്നോ, അതുകേട്ട് ചെന്നായ ആട്ടിൻകുട്ടിയെ പിടിക്കാൻ ഒരുങ്ങി. അയ്യോ..... ഞാൻ ഇതുവരെയു പുല്ലും ഇലയും തിന്നാൻ തുടങ്ങിയിട്ടില്ല. ആട്ടിൻകുട്ടി വിറയലോടെ പറഞ്ഞു ചെന്നായ്ക്ക് അൽപ്പം ജാള്യത തോന്നി എങ്കിലും അവൻ വിട്ടില്ല എൻറെ കുളത്തിൽനിന്നും വെള്ളം കട്ട് കുടിച്ചില്ലേ നീ. ആട്ടിൻകുട്ടി വിറയലോടെ പറഞ്ഞു ഞാനിതുവരെ ജനിച്ചതിൽ പിന്നെ അമ്മയുടെ പാല് മാത്രമേ കുടിച്ചിട്ടുള്ള വെള്ളംകുടിച്ച് തുടങ്ങിയിട്ടില്ല അതു കൂടി കേട്ടതോടെ ചെന്നായയുടെ ക്ഷമ നശിച്ചു. ചെന്നായ പറഞ്ഞു അതും ഒന്നുമല്ല കാര്യം എനിക്ക് വല്ലാതെ വിശക്കുന്നു. നീ എന്തൊക്കെ പറഞ്ഞാലും എനിക്ക് പട്ടിണി വയ്യ ആട്ടിൻകുട്ടിയെ ഒറ്റച്ചാട്ടത്തിന് അകത്താക്കി. ഗുണപാഠം: കയ്യൂക്കുള്ളവൻ സ്വന്തം ചെയ്തികൾക്ക് എപ്പോഴും എന്തെങ്കിലും ന്യായീകരണങ്ങൾ കണ്ടെത്തും.

AJAYKRISHNAN.J.D

9E

# ഉത്തരം കിട്ടാത്ത ഒമ്പത് അത്ഭുതങ്ങളിലേക്ക്

**അജ്ഞാതമായ ഒട്ടേറെ കഥകൾ പ്രകൃതിയെ ചുറ്റിപ്പറ്റിയും` നാം ഒരുപാട് കേട്ടറിഞ്ഞിട്ടുണ്ട്. അതിൽ ചിലതൊക്കെ നമ്മുടെ ചരിത്രവും സംസ്ക്കാരവുമായി കെട്ടുപിണഞ്ഞുകിടക്കുന്നവയാകാം. കാലാവസ്ഥാവ്യതിയാനങ്ങളുടെ ഫലമായും പ്രകൃതിയിലെ മാറ്റം കാരണവുമെല്ലാം ഉടലെടുത്ത പ്രതിഭാസങ്ങൾ ഉണ്ടായിരിക്കാം. ശാസ്ത്രലോകത്തിന് ഇന്നുവരെ കണ്ടെത്താനാവാത്ത അഥവാ ഒരിക്കലും ഉത്തരം കിട്ടാത്ത ഒട്ടേറെ അദ്ഭുതങ്ങളുണ്ട്. ഏറെ ചർച്ചകൾക്ക് കാരണമായതും ശാസ്ത്രജ്ഞരെ എന്നും ഉത്തരംമുട്ടിക്കുന്നതുമായ കുറേയെറെ ചോദ്യങ്ങൾ. അത്തരം ചില പ്രതിഭാസങ്ങളിലേക്ക്...**

## ശബ്ദമുള്ള ഗംഗ



ശബ്ദമുള്ള ഗംഗ ഗംഗ-ബ്രഹ്മപുത്ര നദീമുഖത്തെ തുരുത്തിലെ ഇടയ്ക്കുണ്ടാകുന്ന അതിഭീകരമായ ശബ്ദം ബാരിസൽ ഗൺസ് എന്ന പേരിലാണ് അറിയപ്പെടുന്നത്. വിമാനം ഭൂമിയുടെ അന്തരീക്ഷത്തിലൂടെ പോകുമ്പോഴുണ്ടാകുന്ന മുഴങ്ങുന്ന ശബ്ദത്തിന് സമാനമാണിത്.

## വെസ്റ്റ് ബംഗാളിലെ ആലേയ

വെസ്റ്റ് ബംഗാളിലെ ആലേയ കച്ചിലെപ്പോലെ വെളിച്ചം കൊണ്ടുള്ള ഒരപൂർവ്വ പ്രതിഭാസം വെസ്റ്റ് ബംഗാളിലുമുണ്ട്. ആലേയ അഥവാ ഗോസ്റ്റ് ലൈറ്റ്. ഇത് പിന്തുടർന്നുപോയ വെസ്റ്റ് ബംഗാളിലെ ചില മീൻ പിടുത്തക്കാർ ആരോഗ്യത്തിന് ഹാനികരമായ ഒരു വാതകം ശ്വസിച്ച് കൊല്ലപ്പെട്ടതായും അവരുടെ ഓർമ്മയാണ് ഈ വെളിച്ചമെന്നുമാണ് പ്രദേശവാസികൾ വിശ്വസിക്കുന്നത്.




## റാൻ ഓഫ് കച്ചിലെ ഗോസ്റ്റ് ലൈറ്റ്

റാൻ ഓഫ് കച്ചിലെ ഗോസ്റ്റ് ലൈറ്റ് കച്ചിലെ ഇന്ത്യ-പാക്കിസ്ഥാൻ അതിർത്തിയിലാണ് വെളിച്ചത്തിന്റെ ഈ അപൂർവ്വ പ്രതിഭാസം. രാത്രികളിൽ കാണുന്ന വെളിച്ചത്തിന്റെ ഈ നൃത്തത്തെ ഗ്രാമവാസികൾ വിളിക്കുന്നത് എന്തെന്നോ...ചീർ ഭാട്ടി.

## അപ്രത്യക്ഷമാകുന്ന കടൽത്തീരം

അപ്രത്യക്ഷമാകുന്ന കടൽത്തീരം ഒഡീഷയിലെ ചന്ദിപ്പൂർ ബീച്ചാണ് ഇടയ്ക്ക് അപ്രത്യക്ഷമാകുന്ന ആ കടൽത്തീരം. വേലിയേറ്റമുണ്ടാകുമ്പോൾ കടലിലെ വെള്ളം അഞ്ച് കിലോമീറ്ററോളം അകന്നുപോകുന്നതാണ് കണക്കാക്കുന്നത്. ജൈവവൈവിധ്യങ്ങളാൽ അനുഗ്രഹീതമാണ് ഈ



ബീച്ച്.

# ജീവനൊടുക്കുന്ന പക്ഷികൾ



പക്ഷികൾ സ്വയം ജീവനൊടുക്കുമോ ? ആസ്സാമിലെ ജസിംഗയിൽ എല്ലാ രാത്രികളിലും നൂറോളം പക്ഷികൾ ജീവനൊടുക്കുന്നതായാണ് കണക്ക്. പ്രഗത്ഭരായ പക്ഷിനിരീക്ഷകർക്ക് പോലും ഇതേപ്പറ്റി ഉത്തരമില്ല.

# ആലിപ്പഴം പെയ്യുന്ന കൊടുങ്കാറ്റ്



ആലിപ്പഴം പെയ്യുന്ന കൊടുങ്കാറ്റ് ലോകത്തിലെ ഏറ്റവും ഭീകരമായ ആലിപ്പഴം പെയ്യുന്ന കൊടുങ്കാറ്റുണ്ടായത് 1888 ൽ ഉത്തർപ്രദേശിലെ മൊറാദാബാദിലാണ്. 246 പേരുടെ മരണത്തിനിടയാക്കിയ ഈ സംഭവം ഗിന്നസ് ബുക്കിൽ ഇടംനേടിയിരുന്നു.

# മൗസിൻ റാമിലെ മഴ



മൗസിൻ റാമിലെ മഴ ലോകത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സ്ഥലമാണ് മേഘാലയയിലെ ഈസ്റ്റ് ഖാസി ഹിൽസിലെ മൗസിൻ റാം എന്ന ഗ്രാമം. ലോകത്തിലെ ഏറ്റവുമധികം ഈർപ്പമുള്ള പ്രദേശമായ മൗസിൻ റാമിൽ 1985 ലാണ് ഏറ്റവുമധികം മഴ ലഭിച്ചത്. 26,000 മില്ലീമീറ്റർ മഴയാണ് രേഖപ്പെടുത്തിയത്.

# മീൻ മഴ



മീൻ മഴ ചുവന്ന മഴ പോലെതന്നെ ശാസ്ത്രലോകത്തെ കുഴക്കിയ മറ്റൊന്നായിരുന്നു മീൻ മഴ. 2009 ഒക്ടോബർ 24 ന് ജംനഗറിലാണ് അവസാനമായി മീൻ മഴ പെയ്തത്. പ്രദേശവാസികൾക്കിടയിലേക്ക് മഴ പോലെ മീനുകൾ പെയ്തിറങ്ങുകയായിരുന്നു.ലോകത്തിന്റെ മറ്റ് ചില ഭാഗങ്ങളിലും ഇതുപോലെ മീൻ മഴ പെയ്തിട്ടുണ്ടെങ്കിലും ഈയ്യടുത്തുണ്ടായ സംഭവം ഇതാണ്.

# ചുവന്ന മഴ



ചുവന്ന മഴ കേരളത്തിൽ 2001 ൽ പെയ്ത ചുവന്ന മഴയുടെ കാരണം ഇന്നും ശാസ്ത്രലോകത്തിന് അജ്ഞാതമാണ്. ഇതേക്കുറിച്ച് പല വാദപ്രതിവാദങ്ങളും ഉണ്ടായിട്ടുണ്ട്. പ്രത്യേകതരത്തിലുള്ള ആൽഗകൾ കാരണമാണ് ചുവന്ന മഴ ഉണ്ടായതെന്ന് അവസാനം ശാസ്ത്രലോകം വിധിയെഴുതി.

AJITH.N

9.D